**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1404** **01-02-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ നഗരത്തിൽ ജില്ലാവിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നഗരത്തിൽ ശോചനീയമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസ്, ജില്ലാ വിദ്യാഭ്യാസ ആഫീസ് ഉടങ്ങിയവയും ബി.ആർ.സി. അടക്കമുള്ള അനുബന്ധ സ്ഥാപനങ്ങളും ഉൾപ്പെടെ ജില്ലാ ആസ്ഥാനത്തുള്ള മുഴുവൻ വിദ്യാഭ്യാസ ഓഫീസുകളും ചേർത്ത് ജില്ലാ വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മിക്കുന്നതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ആലപ്പുഴ റവന്യു ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നഗരാതിർത്തിയിൽ ഏകോപനത്തിനായി ഒരു വിദ്യാഭ്യാസ കോംപ്ലക്സ് എന്ന ആശയ പ്രകാരം വിദ്യാഭ്യാസ ഓഫീസുകൾ ഏകോപിപ്പിച്ച് ഒരു സമുച്ചയം നിർമ്മിക്കുന്നതിന് മുല്ലയ്ക്കൽ ബ്ലോക്ക് നം. 127 ൽ റീ സർവേ നം.15 ൽ പെട്ട 34.01 ആർസ് വസ്തുവിൽ വിദ്യാഭ്യാസ സമുച്ചയം നിർമ്മിക്കുന്നതിനായി ഭരണാനുമതിയ്ക്കായി പൊതുമരാമത്ത് വകുപ്പ് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി എന്നാൽ, ടി വിദ്യാഭ്യാസ സമുച്ചയം നിർമ്മിക്കുന്നതിനായി തീരുമാനിച്ചിരുന്ന വസ്തു, വൾനറബിൾ ഡെപ്പോസിഷൻ സെന്റർ നിർമ്മാണത്തിനായി നീതിന്യായ വകുപ്പിനു കൈമാറി, ആലപ്പുഴ ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു വെങ്കിലും ടി. വസ്തു വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി തിരുമാനിച്ച വസ്തു ആയതിനാൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ എതിർപ്പ് ഉന്നയിക്കുകയും 31.12.2023 ന് ആലപ്പുഴ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ യോഗത്തിൽ മേൽ വസ്തു പൂർണ്ണമായും വിദ്യാഭ്യാസ വകുപ്പിന് കൈമാറുവാൻ തീരുമാനി ക്കുകയും, നീതിന്യായ വകുപ്പിന് വൾനറബിൾ ഡെപ്പോസിഷൻ സെന്റർ നിർമ്മാണത്തിനായി അനുയോജ്യമായ ഭൂമി കണ്ടെത്തി നൽകുന്നതിന് അമ്പലപ്പുഴ തഹസിൽദാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ആലപ്പുഴ വിദ്യാഭ്യാസ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 2013-ൽ തയ്യാറാ ക്കിയ എസ്റ്റിമേറ്റിന് പകരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ